

ക ത്തു ക ൾ

## ഇനിയും കരയണോ അത് നിരോധിക്കാൻ?

**എൻഡോസൾഫാൻ** നിരോധം കേരളത്തിൽ മാത്രമായാൽ അതുകൊണ്ട് വലിയ പ്രയോജനം ഉണ്ടാവാൻ പോവുന്നില്ല. മുഴുവൻ സംസ്ഥാനങ്ങളിലും നിരോധിക്കണം. കേരളത്തിലേക്ക് പച്ചക്കറികൾ എത്തുന്നത് അയൽസംസ്ഥാനമായ കർണാടക, തമിഴ്നാട്, ആന്ധ്ര എന്നിവിടങ്ങളിൽനിന്നാണ്. അവിടെ മാരക കീടനാശിനിയായ എൻഡോസൾഫാൻ വൻതോതിൽ ഉപയോഗിക്കുന്നുമുണ്ട്. കേരളത്തിൽ മാത്രം നിരോധം വരുത്തിയിട്ടെന്തു കാര്യം? ആവശ്യക്കാർ സുലഭമായി ഇടനിലക്കാർ വഴി അന്യസംസ്ഥാനത്ത് നിന്നും ഇത് ഇറക്കുക തന്നെ ചെയ്യും. ദുരിതബാധിതർ ഇനിയും തുടർക്കഥയാവുകയും ചെയ്യും.

രാജ്യമൊട്ടുക്കും എൻഡോസൾഫാൻ സമ്പൂർണ നിരോധം വേണമെന്ന് കേരളം ആവശ്യപ്പെട്ടപ്പോൾ ഏകപക്ഷീയമായി നിരോധിക്കരുത് എന്ന കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ പരാമർശം വേദനാജനകമാണ്. 25 വർഷത്തോളം ഹെലികോപ്റ്ററിലൂടെ എൻഡോസൾഫാൻ തളിച്ചത് മൂലം വിവിധ രോഗങ്ങൾ ബാധിച്ച് നരകയാതന അനുഭവിച്ച് തീർക്കുന്ന കാസർകോട്ടെ ദുരിതബാധിതരുടെ കണ്ണീരു കാണാതെ അധികൃതർ കീടനാശിനി കമ്പനികളുടെ പ്രതിനിധികളായി മാറിയ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. പത്തു വർഷത്തിലധികമായി എൻഡോസൾഫാൻ വിരുദ്ധ സമരം തുടങ്ങിയിട്ട്. മണ്ണും വായുവും വെള്ളവും വിഷമയമാക്കിയ ഈ രാസകീടനാശിനി നാലായിരത്തിലധികം പേരെയാണ് ഇരകളാക്കിയത്. ദുരിതബാധിതരുടെ പേക്കോലങ്ങൾ ആരുടെയും കരളലിയിക്കും. ഇനിയും പഠനങ്ങൾ എന്ന പേരിൽ നരകയാതന അനുഭവിക്കുന്ന ആ പാവങ്ങളെ ഉപദ്രവിക്കരുത്. ഗവേഷണം എന്ന പ്രഹസനവുമായി വരുന്ന സംഘങ്ങളെ ശക്തമായി എതിർക്കുകതന്നെ വേണം.

**സി.എച്ച് സുൽഫത്ത് കൂട്ടിലങ്ങാടി**

## വിലയിരുത്തൽ സന്തുലിതമായില്ല

**വർഷങ്ങളായി** *പ്രബോധന*ത്തിന്റെ സ്ഥിരം വായനക്കാരനാണ് ഞാൻ. പ്രസ്ഥാനത്തിന്റെ ആശയങ്ങളും ലോകത്തിന്റെ വിവിധ കോണുകളിൽ നടക്കുന്ന പല സംഭവങ്ങളും പ്രത്യേകിച്ച് ഇസ്‌ലാമിക പ്രവർത്തനങ്ങളും മുന്നേറ്റങ്ങളും മനസ്സിലാക്കാൻ *പ്രബോധനം* ഒരു മുതൽക്കൂട്ടാണ്.

പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ നിലപാടും ഒരു പരിധിവരെ സ്വാഗതാർഹമാണ്. എന്നാൽ തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിന് ശേഷം ഏതാനും ലക്കങ്ങളിൽ കണ്ട വിലയിരുത്തലുകളും വിമർശനങ്ങളും അത്ര നന്നായി തോന്നുന്നില്ല. തെരഞ്ഞെടുപ്പിനു ശേഷം മുസ്‌ലിം ലീഗിന്റെ ദോഷങ്ങളും ദൗർബല്യങ്ങളും എല്ലാവരും എഴുതിക്കണ്ടു. കൂട്ടത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ പലനിലക്കും നേരിട്ട കമ്യൂണിസ്റ്റ് പാർട്ടിയെക്കുറിച്ചും വിലയിരുത്തണമായിരുന്നു. സമത്വവും മിതത്വവുമാണ് എപ്പോഴും സ്വാഗതാർഹം.

**പി.എ മൊയ്തീൻ കുട്ടി കൊടിഞ്ഞി**

## സോളിഡാരിറ്റിയോട് എന്താണിത്ര വിരോധം?

**നാല്** വർഷത്തോളമായി *പ്രബോധനം* സ്ഥിരമായി വായിക്കാൻ തുടങ്ങിയിട്ട്. എൻഡോസൾഫാൻ വിഷയത്തിലുള്ള സോളിഡാരിറ്റിയുടെ ഇടപെടൽ (ലക്കം 26) രണ്ടു തവണ വായിച്ചു.

സോളിഡാരിറ്റി ദൽഹിയിൽ എൻഡോസൾഫാൻ ബാധിച്ച കുട്ടികളെയുമായി ചെന്ന് പരിപാടികൾ നടത്തിയതിന്റെ അടുത്ത ദിവസത്തെ മലയാള പത്രങ്ങൾ കൗതുകത്തോടെയാണ് നോക്കിയത്. *മനോരമ*, *ചന്ദ്രിക*, *തേജസ്*, *ദേശാഭിമാനി* എന്നിവക്കൊന്നും അത് വാർത്തയായതായി കണ്ടില്ല. *മാതൃഭൂമി* ഒരു ഫോട്ടോയും മോശമല്ലാത്ത വാർത്തയും കൊടുത്തു. എന്നാൽ, *ദീപിക* രാഹുൽ ഗാന്ധിയെ ഉയർത്തിക്കാട്ടാൻ 'തന്നെ വന്നു കണ്ട പ്രതിനിധികളോട്' എന്ന് പറഞ്ഞുള്ള ഒരു ചെറിയ വാർത്ത കൊടുത്തു. എൻഡോസൾഫാൻ വിവാദം കത്തിനിൽക്കുന്ന സമയമാണെന്ന് കൂടി ഓർക്കണം.

കേരളത്തിൽനിന്ന് തെരഞ്ഞെടുത്ത 20 എം.പിമാരെയും സമരരംഗത്ത് കണ്ടില്ല. പ്രസ്ഥാനം പിന്തുണ നൽകിയ രണ്ട് എം.പിമാരെയും കണ്ടില്ല. കേന്ദ്രമന്ത്രിമാരുടെ കാര്യം പറയണമെന്നുമില്ല. പി. കരുണാകരൻ എം.പി മാത്രമാണ് മാർച്ചിനെ അഭിസംബോധന ചെയ്തത്.

സോളിഡാരിറ്റി പരാതി നൽകിയ മനുഷ്യാവകാശ കമീഷൻ ചെയർമാൻ സംഭവസ്ഥലം സന്ദർശിച്ച് വാക്ക് നിറവേറ്റി. അദ്ദേഹം കാസർകോട് വന്നതിന് പിന്നിൽ സോളിഡാരിറ്റിയുടെ ശ്രമമാണെന്ന് ഒരു പത്രം പോലും എഴുതി കണ്ടില്ല.

**കെ.കെ. അബ്ദുൽ ഹകീം**
**മന്നവളപ്പട്ടണം, കണ്ണൂർ**

## ബഹുദൂരം നടക്കുക തന്നെ

**സുബ്ഹിക്ക്** പള്ളിയിലേക്ക് പോകാനുള്ള ഒരുക്കത്തിനിടയിൽ *മാധ്യമം* വന്നു വീഴുന്ന ശബ്ദം കേട്ടു. കതകു തുറന്നു നോക്കിയപ്പോൾ കൂടെ *പ്രബോധന*വും ഉണ്ട്. ചൂടോടെ വാരിക തുറന്നു.

'അവർക്കാരാണ് *പ്രബോധനം* എത്തിക്കുക?' എന്ന മുഖക്കുറിപ്പ് (2010 ഡിസംബർ 25) നിന്ന നിൽപിൽ വായിച്ചു തീർത്തു. മനസ്സും മസ്തിഷ്കവും നനച്ചുകൊണ്ട് പെയ്തിറങ്ങുന്ന സരസമായ ഒരു കവിത പോലെയാണ് ആദ്യം അത് അനുഭവപ്പെട്ടത്. വായിച്ചു മുന്നോട്ട് പോയപ്പോഴാണ് ഒരു പ്രബോധകന്റെ മനസ്സിനെ പിടിച്ചുലക്കുന്ന കൊടുങ്കാറ്റും ചങ്കിൽ തറക്കുന്ന കൂരമ്പുമായൊക്കെയായി അതനുഭവപ്പെട്ടത്. കുറ്റബോധത്താൽ ശിരസ്സ് താണു. അതെ, നെഞ്ചിലേറ്റിയ *പ്രബോധന*ത്തെ ഇനി തലയിലേറ്റി ബഹുദൂരം നടക്കുകതന്നെ....

**എം.എ സലാം കായംകുളം**

# ഈ വംശവെറിയെ നാം എങ്ങനെ മറികടക്കും

**"കേട്ടുമടുത്ത** കഥകളും കണ്ടുമടുത്ത കഥാപാത്രങ്ങളും സഹിച്ച് മടുത്ത ആഖ്യാന രീതികളും കുത്തി നിറച്ച് പ്രേക്ഷകന് മുന്നിലെത്തിക്കുന്ന എരിവും പുളിയും മധുരവും ആവശ്യത്തിലേറെ ചേർത്ത 'വിഭവ സമൃദ്ധ'മായ സദ്യ" –മലയാള സിനിമക്ക് കൊടുക്കാവുന്ന ഏറ്റവും മാന്യമായ വിശദീകരണമാണിത്. വിഷയ ദാരിദ്ര്യം, കഥാപാത്രങ്ങളിലെ ബഹുസ്വരതയില്ലായ്മ തുടങ്ങിയ സ്ഥിരം വിമർശങ്ങൾ നമുക്ക് നിർത്താറായിട്ടുണ്ട്.

മുസ്‌ലിം തീവ്രവാദം, മുസ്‌ലിമിന്റെ ഭക്ഷണം, അവന്റെ പ്രണയം ഇതൊക്കെയാണ് മലയാള സിനിമയുടെ പുതിയ വിഷയങ്ങൾ. കേരളീയ നവോത്ഥാനത്തിൽ മുസ്‌ലിം സമൂഹം വഹിച്ച കൃത്യമായ പങ്കിനെക്കുറിച്ചും കേരളത്തിന്റെ സാംസ്കാരികവും മതപരവുമായ ആദാന പ്രദാനങ്ങളെക്കുറിച്ചുമുള്ള സത്യസന്ധവും വസ്തുനിഷ്ഠവുമായ അപഗ്രഥനങ്ങൾ/ ഇടപെടലുകൾ മലയാള സിനിമയിൽ അപൂർവമാണ് എന്നുതന്നെ പറയാം. ബാബരി മസ്ജിദ് ധ്വംസനം, ഗുജറാത്ത് വംശഹത്യ, ലൗ ജിഹാദ് വിവാദം തുടങ്ങി ഇന്ത്യൻ മുസ്‌ലിമിന്റെയും കേരളീയ മുസ്‌ലിമിന്റെയും സാംസ്കാരിക ഇടപെടലുകളെ പുനർനിർണയിച്ച സംഭവവികാസങ്ങൾ മലയാള സിനിമയിൽ പരോക്ഷമായും പ്രത്യക്ഷമായും പ്രതിഫലിച്ചിട്ടുണ്ട്. കേരളത്തിന്റെ ബഹുസ്വരതയെ ഗുരുതരമായി പ്രഹരിക്കുന്ന നിരവധി സൃഷ്ടികൾ മേൽ സംഭവ വികാസങ്ങൾക്ക് ശേഷം മലയാള സിനിമയിലും പിറന്നിട്ടുണ്ട്.

ലൗ ജിഹാദ് വിവാദാനന്തരം മലയാള സിനിമ മുസ്‌ലിമിന്റെ വിശ്വാസത്തെയും സംസ്കാരത്തെയും പ്രണയത്തെയും കുറിച്ച് വ്യത്യസ്ത വീക്ഷണം പങ്കുവെക്കുന്നതായി കാണാം. കെ.പി രാമനുണ്ണിയുടെ തിരക്കഥയിൽ പ്രിയനന്ദനൻ സംവിധാനം ചെയ്ത 'സൂഫി പറഞ്ഞ കഥ' (2009), സത്യൻ അന്തിക്കാട് രചനയും സംവിധാനവും നിർവഹിച്ച 'കഥ തുടരുന്നു' (2010) എന്നിവയാണ് ഭിന്ന മതസ്ഥർ തമ്മിലെ പ്രണയം മുഖ്യ പ്രമേയമായി സ്വീകരിച്ച സിനിമകൾ.

രണ്ട് ചിത്രങ്ങളും പൊതുവിൽ ലൗ ജിഹാദ് വിവാദത്തിൽ ഉയർന്ന മുഖ്യ ആരോപണത്തെ നിരാകരിക്കുന്നുണ്ട്. ഇസ്‌ലാമിന്റെ മാനുഷിക വിഭവശേഷി വർധനവിനാണ് പ്രണയം നടിച്ച് നിർബന്ധിച്ച് മതം മാറ്റുന്നതെന്നായിരുന്നു ഹൈന്ദവ വർഗീയവാദികളും ചില മാധ്യമങ്ങളും പ്രചരിപ്പിച്ചത്.

അതേസമയം, ഈ രണ്ട് ചിത്രങ്ങളും മതേതര മുസ്‌ലിം, വിശ്വാസി മുസ്‌ലിം തുടങ്ങിയ ചില സങ്കൽപങ്ങൾ പ്രേക്ഷകന് നൽകുന്നുണ്ട്. മുസ്‌ലിമിന്റെ 'മതേതര ഭാര്യ'ക്ക് ഇസ്‌ലാം വിശ്വാസി സമൂഹത്തിൽനിന്നും കുടുംബത്തിൽനിന്നും നേരിടേണ്ടിവരുന്ന മാനസിക പീഡനങ്ങളും 'വിശ്വാസി ഹിന്ദു'വിന് സമൂഹത്തിൽ നിന്ന് ലഭിക്കുന്ന സംരക്ഷണവുമാണ് ഇരു സിനിമകളും പ്രമേയമാക്കിയിരിക്കുന്നത്.

ഹൈന്ദവതയെ കേരളത്തിന്റെ സംസ്കൃതിയായും സഹിഷ്ണുതയുടെ പ്രകൃതിപക്ഷമായും ചിത്രീകരിക്കുക എന്നതാണ് മുസ്‌ലിംകൾ അടക്കമുള്ള ന്യൂനപക്ഷ വിഭാഗങ്ങളെ സാംസ്കാരികമായും ചരിത്രപരമായും അന്യവത്കരിക്കാനുള്ള ആദ്യ പടി. തീവ്രവാദത്തിന്റെയും ഭീകരവാദത്തിന്റെയും അതിന്റെ ഹേതുവായി പറയപ്പെടുന്ന മതമൗലിക വാദത്തിന്റെയും ചെരിപ്പുമാലകൾ ചാർത്തൽ രണ്ടാം ഘട്ടമാണ്. മലയാള സിനിമ രണ്ടാം ഘട്ടമായ പ്രായോഗിക അന്യവത്കരണത്തിലേക്ക് (practical alienation) നടന്നെത്തിയിട്ട് കുറച്ച് കാലമേ ആയിട്ടുള്ളൂ.

അടുത്ത കാലത്ത് വന്ന 'അൻവർ' കേരളത്തിലെ മുസ്‌ലിം തീവ്രവാദത്തെ സംബന്ധിച്ചും അതിന്റെ അന്താരാഷ്ട്ര ബന്ധത്തെ കുറിച്ചുമുള്ള കഥയാണ് പറയുന്നത്. ആര്യാടൻ ഷൗക്കത്തിന്റെ രചനയിൽ ജയരാജ് സംവിധാനം ചെയ്ത 'ദൈവനാമത്തിൽ' (2005) എന്ന സിനിമയും സമാന വിഷയം കൈകാര്യം ചെയ്തിരുന്നു.

രണ്ടിലും തീവ്രവാദിയുടെ പേര് 'അൻവർ' എന്നാണ്. അമൽ നീരദിന്റെ 'അൻവറി'ൽ തീവ്രവാദികളെ തോൽപിക്കാൻ തീവ്രവാദി ചമയുന്നവനാണ് അൻവറെങ്കിൽ 'ദൈവനാമത്തി'ൽ അലീഗഢിൽ പോയി തീവ്രവാദത്തിൽ ഉന്നത പഠനം പൂർത്തിയാക്കി കേരളത്തിൽ ഭീകരത നട്ടുവളർത്തുന്നവനാണ് അൻവർ. രണ്ടിലും അൻവറിനെ അവതരിപ്പിക്കാനുള്ള 'മഹാ ഭാഗ്യം' യുവ നടൻ പൃഥിരാജിന് ലഭിച്ചു. ചാനൽ അഭിമുഖങ്ങളിൽ പ്രത്യേക ഉൾപുളകത്തോടെയാണ് പൃഥിരാജ് ഇതിനെ സ്മരിക്കുന്നത്. ഏതായാലും കേരളീയ മുസ്‌ലിം തീവ്രവാദിയുടെ ബ്രാൻഡ് അംബാസഡറായി 'അൻവർ' മാറിയതിൽ തീർച്ചയായും പൃഥിരാജിന് അഭിമാനിക്കാം. പക്ഷേ, സാംസ്കാരിക ഫാഷിസത്തിന്റെ ഈ വംശവെറിയെ നമുക്ക് എങ്ങനെ മറികടക്കാനാകും?

**ഷെബീൻ പെരിമ്പലം**
*shabeenpdm@gmail.com*

## *പ്രബോധനം* വായിക്കുന്ന ഖത്വീബ്

***പ്രബോധനം*** (ലക്കം 28) മുഖക്കുറിപ്പ് വായിച്ചപ്പോൾ സ്മൃതിയിൽ തെളിഞ്ഞ ഒരു കാര്യം. *പ്രബോധനം* വായിക്കുന്ന ഒരു ഖത്വീബിനെ ഈ കുറിപ്പുകാരന് നേരിട്ടറിയാം. പള്ളിയിലെ അദ്ദേഹത്തിന്റെ മുറിയിൽ കട്ടിലിനു ചുവട്ടിൽ *പ്രബോധന*ത്തിന്റെ പഴയ ലക്കങ്ങൾ കെട്ടുകളായി സൂക്ഷിച്ചിരിക്കുന്നത് കണ്ടിട്ടുണ്ട്. ഫൈസി ബിരുദധാരിയായ ആ ഖത്വീബിനോട് ദർസ് വിദ്യാർഥിയായിരുന്ന ഈ കുറിപ്പുകാരൻ ആശ്ചര്യപൂർവം ഒരിക്കൽ ചോദിച്ചു 'ഉസ്താദ് *പ്രബോധനം* വായിക്കുമോ'യെന്ന്. അതെ, അതിൽ പലതും അറിയാനുണ്ടെന്നാണ് അദ്ദേഹം മറുപടി നൽകിയത്. ഞങ്ങളുടെ പ്രദേശത്തെ എസ്.ഐ.ഒ പ്രവർത്തകനോട് *പ്രബോധനം* ആവശ്യപ്പെട്ട് വളരെ താൽപര്യപൂർവം വാങ്ങി വായിക്കുകയായിരുന്നു അദ്ദേഹം.

പ്രസംഗകനായ ആ ഉസ്താദിന്റെ ശുദ്ധ മലയാളത്തിലുള്ള പ്രസംഗത്തിന് *പ്രബോധന*ത്തിലെ വരികളാണ് സഹായിച്ചിരുന്നത് എന്നതാണ് വസ്തുത. അദ്ദേഹം പ്രസംഗത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തെ വിമർശിക്കുന്നതായി കേട്ടിട്ടില്ല. അതിനാൽ അദ്ദേഹം *പ്രബോധനം* വായിച്ചത് വിമർശനാവശ്യാർഥമല്ല, പ്രത്യുത പഠനാവശ്യാർഥമായിരുന്നുവെന്ന് സാരം.

**അബ്ദുൽ ഖാദിർ നായരങ്ങാടി**